ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 05.11.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. രാജ്യത്തിന്റെ ഫോസിൽ ഇതര ഊർജ ശേഷി 300 ജിഗാവാട്ട് പിന്നിട്ടതായി ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ.

   Vice President C.P. Radhakrishnan states that India's non-fossil fuel capacity crosses 300 gigawatts.

2. ഏഷ്യൻ പാരാ ഗെയിംസിലെ ഇന്ത്യൻ താരങ്ങളുടെ പ്രകടനം, ആഗോള കായിക രംഗത്ത് രാജ്യം, വൻശക്തിയായി ഉയർന്നുവരുന്നതിന്റെ തെളിവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says Indian athletes' performance in the Asian Para Games proves the country is emerging as a global sports powerhouse.

3. പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം ലളിതമാക്കാൻ ലക്ഷ്യമിട്ട് ദേശീയ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് പ്രചാരണ പരിപാടിക്ക് നാളെ തുടക്കം.

   National Digital Life Certificate Campaign begins tomorrow to simplify life certificate submission for pensioners.

4. അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിയെ മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കാനുള്ള 24 മണിക്കൂർ സമയ പരിധി, കസ്റ്റഡിയിൽ എടുക്കുന്ന സമയം മുതലെന്ന് സുപ്രീംകോടതി.

Supreme Court rules that the 24-hour deadline to present an arrested person before a magistrate starts from the moment of taking into custody.

5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 11 ജില്ലകളിൽ മഞ്ഞ ജാഗ്രത.

India Meteorological Department predicts isolated heavy rainfall with lightning to continue in Kerala; issues yellow alert for 11 districts today.

6. സാഫ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പാകിസ്ഥാനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് ഇന്ത്യ പരാജയപ്പെടുത്തി.

India defeats Pakistan 3-2 in the SAFF Football Championship.

VP-BRE SUMMIT (INTRO)

രാജ്യത്തിന്റെ ഫോസിൽ ഇതര ഊർജ ശേഷി 300 ജിഗാവാട്ട് പിന്നിട്ടതായും പരിസ്ഥിതി സംരക്ഷണത്തിനായുള്ള പ്രതിബദ്ധത സാമ്പത്തിക വളർച്ചയ്ക്ക് തടസ്സമല്ല, മറിച്ച് വികസനത്തിന്റെ പ്രേരകശക്തിയാണെന്നും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ നടന്ന ഭാരത പുനരുപയോഗ ഊർജ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു

അദ്ദേഹം. പുനരുപയോഗ ഊർജ മേഖലയിൽ ഭാവി സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് വ്യവസായങ്ങളും ഗവേഷകരും സ്റ്റാർട്ടപ്പുകളും തമ്മിൽ ശക്തമായ സഹകരണം വേണമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്- വോയിസ്)

BRE SUMMIT PRAHLAD JOSHI

കഴിഞ്ഞ ഒരു ദശകത്തിനിടെ ഇന്ത്യയുടെ പുനരുപയോഗ ഊർജ മേഖലയിലേക്ക് 15 ലക്ഷം കോടി രൂപയിലധികം നിക്ഷേപം എത്തിയതായി മന്ത്രി പ്രൾഹാദ് ജോഷി. ഇതിൽ 6 ലക്ഷം കോടി രൂപ കഴിഞ്ഞ രണ്ടു വർഷത്തിനിടെയാണെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി. ന്യൂഡൽഹിയിൽ നടന്ന ഭാരത പുനരുപയോഗ ഊർജ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

PM-ASIAN PARA GAMES CONTINGENT (NTRO)

ജപ്പാനിൽ നടന്ന ഏഷ്യൻ പാരാ ഗെയിംസിലെ ഇന്ത്യൻ താരങ്ങളുടെ പ്രകടനം, ആഗോള കായിക രംഗത്ത്, രാജ്യം വൻശക്തിയായി ഉയർന്നുവരുന്നതിന്റെ തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2026ലെ ഏഷ്യൻ പാരാ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി ന്യൂഡൽഹിയിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. 2010-ൽ കേവലം 14 മെഡലുകൾ മാത്രം നേടിയിരുന്ന സ്ഥാനത്ത് നിന്ന് ഇത്തവണ 114 മെഡലുകളിലേക്ക് ഇന്ത്യ എത്തിയത് അത്ലറ്റുകളുടെ കഠിനാധ്വാനത്തിന്റെ ഫലമാണെന്ന് ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്)

JITENDRA SINGH-DLC 5

അഞ്ചാമത് ദേശീയ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് പ്രചാരണ പരിപാടി കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പെൻഷൻ വെൽഫെയർ വകുപ്പ് സംഘടിപ്പിക്കുന്ന ഈ കാമ്പയിൻ ഈമാസം 30 വരെ നടക്കും. ജീവൻ പ്രമാൺ ആപ്പിലെ ഫേസ് ഓതന്റിക്കേഷൻ ഉപയോഗിച്ച് പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം കൂടുതൽ ലളിതവും വേഗത്തിലാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ബാങ്കുകൾ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക്, എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന പരിപാടിയിൽ, 80 വയസ്സ് കഴിഞ്ഞവർക്കും രോഗികൾക്കുമായി വീടുകളിലെത്തി സേവനങ്ങൾ നൽകുന്നതിനുള്ള പ്രത്യേക സൗകര്യവും ഒരുക്കിയിട്ടുണ്ട്.

SC- 24 HRS DEADLINE

അറസ്റ്റ് ചെയ്യപ്പെടുന്ന ഒരു വ്യക്തിയെ 24 മണിക്കൂറിനുള്ളിൽ മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കണമെന്ന ഭരണഘടനാപരമായ സമയപരിധി കണക്കാക്കേണ്ടത് ഔദ്യോഗികമായി അറസ്റ്റ് രേഖപ്പെടുത്തുന്ന സമയം മുതലല്ല, മറിച്ച് വ്യക്തിയെ കസ്റ്റഡിയിലെടുക്കുന്ന നിമിഷം മുതലാണെന്ന് സുപ്രീം കോടതി. 24 മണിക്കൂർ തികയുന്ന സമയം കണക്കാക്കാൻ അറസ്റ്റും കസ്റ്റഡിയും രണ്ടും രണ്ടായി കാണാനാകില്ലെന്നും മജിസ്ട്രേറ്റിന്റെ അനുമതിയില്ലാതെ ഈ സമയപരിധിക്കപ്പുറം തടങ്കലിൽ വയ്ക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും കോടതി വ്യക്തമാക്കി.

CENTRE ADVISORY- LIVESTOCK

ഗ്രാമീണ മേഖലയിൽ കന്നുകാലി തീറ്റ ലഭ്യതയും മൃഗസംരക്ഷണ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്രസർക്കാർ നിർദേശം നൽകി. VB-

G RAM G പദ്ധതി വഴി ഗ്രാമവികസനം, മൃഗസംരക്ഷണം, കൃഷി എന്നീ വകുപ്പുകളെ സംയോജിപ്പിച്ചാണ് ഇത് നടപ്പിലാക്കേണ്ടത്.

കന്നുകാലി തീറ്റ ഉത്പാദനം, സംഭരണം, തൊഴുത്തുകൾ, പാൽ സംഭരണകേന്ദ്രങ്ങൾ, മൃഗാശുപത്രികൾ എന്നിവ ഉൾപ്പെടെയുള്ള 22 പ്രവൃത്തികൾ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

IMG RECOMMENDATIONS

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന 1,100 കോടിയിലധികം രൂപ മൂല്യമുള്ള അധിക ഭൂമിയും കെട്ടിടങ്ങളും വിറ്റഴിക്കാൻ ഇൻ്റർ മിനിസ്റ്റീരിയൽ ഗ്രൂപ്പ് ശുപാർശ ചെയ്തു. ഉപയോഗശൂന്യമായ പൊതു ആസ്തികൾ ഉൽപ്പാദനക്ഷമമാക്കുന്നതിനുള്ള കേന്ദ്ര നീക്കത്തിന്റെ ഭാഗമായാണ് നടപടി. അന്തിമ അനുമതിക്കായി ശുപാർശകൾ കാബിനറ്റ് നിയോഗിച്ച 'ആൾട്ടർനേറ്റീവ് മെക്കാനിസത്തിന്' മുന്നിൽ സമർപ്പിക്കുമെന്നും അംഗീകാരം ലഭിച്ചാലുടൻ തുടർനടപടികൾ ആരംഭിക്കുമെന്നും ധനമന്ത്രാലയം അറിയിച്ചു.

SHAH HARYANA VISIT

1857-ലെ ഒന്നാം സ്വാതന്ത്ര്യസമര പോരാളികളുടെ ഓർമ്മയ്ക്കായി ഹരിയാനയിലെ അംബാല കന്റോൺമെന്റിൽ നിർമ്മിച്ച സ്മാരകം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. 800 കോടി രൂപ ചെലവിൽ 22 ഏക്കറിൽ നിർമ്മിച്ച സ്മാരകത്തിൽ 700-ലേറെ പോരാളികളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

RAIN – KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തൃശൂർ, പാലക്കാട്, കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അഞ്ച് ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ

ജാഗ്രതയാണ്.

SAFF 2026– FOOTBALL

സാഫ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിലെ ഗ്രൂപ്പ് ബി മത്സരത്തിൽ പാകിസ്ഥാനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ. ധാക്കയിലെ നാഷണൽ സ്റ്റേഡിയത്തിൽ നടന്ന പോരാട്ടത്തിലാണ് ഇന്ത്യയുടെ വിജയം.

ISL

ഐ.എസ്എൽ ഫുട്ബോളിൽ ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ഏകപക്ഷീയമായ രണ്ട് ഗോളുകൾക്ക് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് , ചർച്ചിൽ ബ്രദേഴ്സിനെ പരാജയപ്പെടുത്തി.

കൊൽക്കത്തയിൽ അൽപസമയത്തിനകം നടക്കുന്ന രണ്ടാം മത്സരത്തിൽ മോഹൻ ബഗാൻ, ഒഡീഷ എഫ്.സിയെ നേരിടും.

RONALDO RETIREMENT

പോർച്ചുഗൽ ഫുട്ബോൾ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ അന്താരാഷ്ട്ര ഫുട്ബോൾ മത്സരങ്ങളിൽ നിന്നും വിരമിച്ചു. സാമൂഹ്യമാധ്യമത്തിലൂടെയാണ് റൊണാൾഡോ വിരമിക്കൽ

പ്രഖ്യാപനം നടത്തിയത്. യൂറോ 2004-ന് മുൻപ് ആരംഭിച്ച നീണ്ട അന്താരാഷ്ട്ര കരിയറിനാണ് ഇതോടെ വിരാമമായിരിക്കുന്നത്.

SABARIMALA

ചിത്തിര ആട്ട വിശേഷവുമായി ബന്ധപ്പെട്ട പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. ശനിയാഴ്ച ആണ് ചിത്തിര ആട്ട തിരുനാൾ. പൂജകൾ പൂർത്തിയാക്കി ശനിയാഴ്ച രാത്രി 10 ന് നട അടയ്ക്കും. പിന്നീട് മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ഈ മാസം 16 നാവും നട തുറക്കുക.

TEXTILES – ITALY VISIT

വസ്ത്രവ്യവസായ മേഖലയിൽ വ്യാപാരം, നിക്ഷേപം, സാങ്കേതിക വിദ്യ കൈമാറ്റം, സുസ്ഥിര നിർമ്മാണ രീതികൾ എന്നിവയിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഇന്ത്യയും ഇറ്റലിയും തമ്മിൽ ധാരണയായി. ഇതിന്റെ ഭാഗമായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം സെക്രട്ടറി നീലം ഷമി റാവുവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം ഇറ്റലിയിലെ പ്രമുഖ വസ്ത്രനിർമ്മാണ കേന്ദ്രമായ പ്രാറ്റോ സന്ദർശിച്ചു.

INDIA-UAE ENERGY TIES

അബുദാബി അന്താരാഷ്ട്ര പെട്രോളിയം പ്രദർശനത്തിന്റെ ഭാഗമായി നടന്ന പ്രത്യേക സമ്മേളനങ്ങളിൽ, ഇന്ത്യൻ ഊർജ മേഖലയിലെ നിക്ഷേപ-പങ്കാളിത്ത അവസരങ്ങൾ ഇന്ത്യ ആഗോള നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിച്ചു.

വിശാഖപട്ടണം, ഒഡീഷയിലെ ചാന്ദിഖോൾ എന്നിവിടങ്ങളിലെ തന്ത്രപ്രധാന പെട്രോളിയം സംഭരണ പദ്ധതികളിൽ പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാനും, ആഴക്കടൽ എണ്ണ പര്യവേക്ഷണം

വേഗത്തിലാക്കാൻ 8.8 ബില്യൺ ഡോളറിന്റെ 'സമുദ്ര മന്ഥൻ' പദ്ധതി നടപ്പാക്കാനും സർക്കാർ ലക്ഷ്യമിടുന്നതായി ഇന്ത്യ വ്യക്തമാക്കി.

GADKARI UP ROAD PROJECTS

ഉത്തർപ്രദേശിൽ അഞ്ച് ലക്ഷം കോടി രൂപയുടെ റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. ജൗൻപൂരിൽ 3,677 കോടി രൂപയുടെ റോഡ്, പാലം വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യം പ്രതിവർഷം 22 ലക്ഷം കോടി രൂപ ഇന്ധന ഇറക്കുമതിക്കായി ചെലവഴിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടിയ മന്ത്രി, ബദൽ ഇന്ധനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കർഷകർ ഇന്ധന ഉത്പാദകരായി മാറുമെന്നും വ്യക്തമാക്കി.

SC-UGC-CENTRE

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യു.ജി.സി 2026 സമത്വ ചട്ടങ്ങൾ പരിശോധിക്കാൻ പ്രത്യേക സമിതി രൂപീകരിക്കുന്നതായി കേന്ദ്രസർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. എല്ലാ വിദ്യാർത്ഥികളുടെയും ക്ഷേമവും താൽപര്യങ്ങളും ഒരുപോലെ സംരക്ഷിക്കപ്പെടണമെന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു.

മുൻ ചട്ടങ്ങളിലെ അവ്യക്തത ചൂണ്ടിക്കാട്ടി സുപ്രീം കോടതി 2026-ലെ നിർദ്ദേശങ്ങൾക്ക് സ്റ്റേ ഏർപ്പെടുത്തിയിരുന്നു.

ECI-SSR

അരുണാചൽ പ്രദേശ്, ചണ്ഡീഗഡ്, ദാദ്ര നഗർ ഹവേലി-ദാമൻ ദിയു, മിസോറാം, ഒഡീഷ, സിക്കിം എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ

പ്രത്യേക സംക്ഷിപ്ത തീവ്ര വോട്ടർപട്ടിക പുതുക്കൽ പ്രഖ്യാപിച്ചു. അടുത്തവർഷം ജനുവരി 1 യോഗ്യതാ തീയതിയായി കണക്കാക്കിയാണ് വോട്ടർ പട്ടിക പരിഷ്ക്കരണം.